# വിശുദ്ധവാര ത്രിസന്ധ്യാജപങ്ങൾ

**(വലിയ ബുധനാഴ്ച സായാഹ്നം മുതൽ ഉയിർപ്പു ഞായറാഴ്ചവരെ)**

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി, അതേ അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി. അതിനാൽ സർവേശ്വരൻ അവിടുത്തെ ഉയർത്തി. എല്ലാ നാമത്തെക്കാൾ ഉന്നതമായ നാമം അവിടുത്തേക്കു നൽകി. 1 സ്വർഗ.

പ്രാർഥിക്കാം
സർവേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ മർദ്ദകരുടെ കരങ്ങളിൽ ഏൽപ്പിക്കപ്പെട്ട് കുരിശിലെ പീഡകൾ സഹിച്ച് രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺപാർക്കണമേ എന്ന് അങ്ങയോടുകൂടെ എന്നേക്കും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവ് ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**(ഉയിർപ്പു ഞായറാഴ്ച മുതൽ പരിശുദ്ധത്രീത്വത്തിന്റെ  ഞായറാഴ്ചവരെ)**

സ്വർലോകരാജ്ഞി, ആനന്ദിച്ചാലും! ഹല്ലേല്ലൂയാ

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ! ഹല്ലേല്ലൂയാ

അരുളിചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു! ഹല്ലേല്ലൂയാ

ഞങ്ങൾക്കുവേണ്ടി സർവേശ്വരനോടു പ്രാർത്ഥിക്കേണമെ, ഹല്ലേല്ലൂയാ

കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും! ഹല്ലേല്ലൂയാ

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു! ഹല്ലേല്ലൂയാ

പ്രാർത്ഥിക്കാം
സർവേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങു തിരുമനസായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.